# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധർ നിരന്തര മാനസാന്തരയാത്രയിൽ നമ്മെ സഹായിക്കുന്നു




വിശുദ്ധർ സ്വർഗ്ഗത്തിൽ നിദ്രയിലല്ല, പ്രത്യുത, നമ്മെ അനുയാത്രചെയ്യുകയും സംരക്ഷിക്കുകയും നിരന്തര മാനസാന്തരയാത്രയിൽ നമ്മെ സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കയാണെന്ന് കർദ്ദിനാൾ ആഞ്ചെലൊ കൊമാസ്റ്റി.

വിശുദ്ധരായ പാദ്രെ പീയൊയുടെയും ലെയൊപോൾഡ് മാന്റിത്സിന്റെയും അഴിയാത്ത ഭൗതികശരീരം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം വെള്ളിയാഴ്ച (05/02/16) വൈകുന്നേരം വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ ചത്വരത്തിൽ എത്തിയപ്പോൾ ഈ ബസിലിക്കയിലെ മുഖ്യപുരോഹിതനും വത്തിക്കാൻ നഗരത്തിൽ പാപ്പായുടെ വികാരി ജനറാളും ആയ അദ്ദേഹം സ്വാഗത പ്രഭാഷണം നടത്തുകയായിരുന്നു.

അനുദിനം പതിനാറിലേറെ മണിക്കൂറുകൾ കുമ്പസാരക്കൂട്ടിൽ ഇരുന്നിരുന്ന ഈ രണ്ടു വിശുദ്ധരും കാരുണ്യത്തിന്റെ ഒരു നദിതന്നെ നമ്മിലേക്കൊഴുക്കുകയായിരുന്നുവെന്ന് കർദ്ദിനാൾ കൊമ്സ്റ്റി പറഞ്ഞു. ഈ വിശുദ്ധരുടെ പക്കൽ കുമ്പസാരത്തിനണഞ്ഞ അനേകർ സമാധാനവും സന്തോഷവും കണ്ടെത്തിയത് അനുസ്മരിച്ച അദ്ദേഹം ഇന്ന് കുമ്പസാരക്കൂട്ടിൽ നിന്നകലം പാലിക്കുന്നവർ ദൗർഭാഗ്യവശാൽ നിരവധിയാണെന്ന യാഥാർത്ഥ്യത്തിലേക്കു വിരൽ ചൂണ്ടുകയും പൊറുക്കലിന്റെ കൂദാശ ഉത്ഥിതനായ ക്രിസ്തുവിന്റെ അനർഘ ദാനമാണെന്നും അതു മുറിവുകൾ സുഖപ്പെടുത്തുകയും സകലവിധ ഭയങ്ങളെയും അകറ്റുകയും ആനന്ദം പ്രദാനം ചെയ്യുകയും ചെയ്യുന്നുവെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു.

കടപ്പാട് : syromalabarchurch.in